


# ഗ്രാമജ്യോതി

GRAMAJYOTHI E-mail : gramajyothitdpa@gmail.com ग्रामजोती

www.gramajyothi.com

തിരുവനന്തപുരം* കോട്ടയം * ഇടുക്കി * എറണാകുളം * ആലപ്പുഴ




2014 FEBRUARY 22 | VOL : 4, ISSUE -24 | Pages 4 | ( Annual subscription : Rs. 100 )



ഗ്രാമജ്യോതി ബ്രേക്കിംഗ് ന്യൂസ് എസ്എംഎസ് അലേർട്ട് ഉദ്ഘാടനം മന്ത്രി അനൂപ് ജേക്കബ്ബ് നിർവ്വഹിക്കുന്നു



ഗ്രാമജ്യോതി കൊച്ചി ബ്യൂറോയുടെ ഔദ്യോഗിക ഉദ്ഘാടനം മന്ത്രി കെ ബാബു നിർവ്വഹിക്കുന്നു

## പണമില്ല, ട്രഷറിയിൽ കടുത്ത നിയന്ത്രണം, ധനമേഖലയിൽ മാർച്ച് സിൻഡ്രോം തുടങ്ങി

**ജി കെ നമ്പൂതിരി**

കൊച്ചി : കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ അകപ്പെട്ട സംസ്ഥാന ഖജനാവിന് കടുത്ത നിയന്ത്രണം. സാമ്പത്തികവർഷത്തിന്റെ അവസാനം തിരക്കിട്ട് സമർപ്പിക്കുന്ന ബില്ലുകളും മുൻകൂറുകളും അനുവദിക്കേണ്ടെന്ന് ധനവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വി സോമസുന്ദരൻ നിർദേശം നൽകി. സാമ്പത്തികവർഷാവസാനം പണവും ഡ്രാഫ്റ്റുമായി വൻ തുക പിൻവലിക്കുന്ന പ്രവണത വിവിധ വകുപ്പുകളിൽ നിലനിൽക്കുകയാണെന്ന് ധനവകുപ്പിന്റെ സർക്കുലറിൽ പറഞ്ഞു.

മാർച്ച് 20നു ശേഷം സമർപ്പിക്കുന്ന ബില്ലുകളിൽ മുൻകൂറുകൾ അനുവദിക്കില്ല. വകുപ്പുതലവന്മാർ 26ന് പകൽ രണ്ടിനകം ബില്ലും ചെക്കും ചെലാനും സമർപ്പിക്കണം. അതിനുശേഷം അടിയന്തര ഇടപാടുകൾ വേണ്ടിവരുന്നപക്ഷം 29ന് രാത്രി പത്തുവരെ സമയം അനുവദിക്കും.

വ്യക്തമായ കാരണങ്ങൾ ബോധിപ്പിച്ചാൽ മാത്രമേ ഇത് അനുവദിക്കൂ. പൂർത്തിയാകാത്ത പ്രവൃത്തികളുടെ പണം പിൻവലിക്കാൻ സമ്മതിക്കില്ല. സാധനങ്ങൾ വാങ്ങുന്നതുമായി ബന്ധപ്പെട്ട് സാമ്പത്തികവർഷംമുമ്പ് അത് കൈമാറുകയും അന്തിമ വൗച്ചർ ഹാജരാക്കകയും ചെയ്താൽ മാത്രമേ പണം അനവദിക്കുകയുള്ളൂ. ചെലവുകളുടെ ബജറ്റ് അനുമതി കൺട്രോളിങ് ഓഫീസർമാർ ഉറപ്പാക്കണമെന്നും സർക്കുലറിൽ പറയുന്നു.

## ഗാഡ്ഗിൽ ; പ്രസ്താവനകൾ വൈകാരികം മാത്രം: വി.എസ്

തിരുവനന്തപുരം : മാധവ് ഗാഡ്ഗിൽ റിപ്പോർട്ടിനെതിരായ പ്രസ്താവനകൾ വൈകാരികം മാത്രമാണെന്ന് പ്രതിപക്ഷ നേതാവ് വി.എസ് അച്യുതാനന്ദൻ. റിപ്പോർട്ടുമായി ബന്ധപ്പെട്ട് ജനങ്ങളുമായി ചർച്ച നടത്തണമെന്നും വി.എസ് പറഞ്ഞു. മാഫിയകളുടേയും തത്പരകക്ഷികളുടേയും താത്പര്യങ്ങൾക്ക് പ്രാമുഖ്യം ലഭിക്കരുത്.

യൂണിവേഴ്സിറ്റികോളേജ് ധനതത്വശാസ്ത്ര വിഭാഗം ഇവിടെ സംഘടിപ്പിച്ചിരിക്കുന്ന പശ്ചിമഘട്ട സംരക്ഷണവും കേരള വികസനവും എന്ന സെമിനാറിൽ സംസാരിക്കുകയായിരുന്നു വി.എസ്

**വി.എസിന്റെ പ്രസംഗത്തിൽ നിന്നുള്ള പ്രസക്ത ഭാഗം**

കാലാവസ്ഥാ വ്യതിയാനങ്ങൾ, അനുബന്ധ പ്രകൃതി ദുരന്തങ്ങൾ തുടങ്ങിയവ ആവർത്തിച്ച് അനുഭവപ്പെട്ടു തുടങ്ങിയപ്പോഴാണ് നാം പരിസ്ഥിതി സംബന്ധമായ കാര്യങ്ങളിൽ കാര്യമായ ശ്രദ്ധ ചെലുത്തിത്തുടങ്ങിയത്. മണ്ണും മരവും വനവും ജലവും വായുവുമൊക്കെ എല്ലാക്കാലത്തും ഇതുപോലെ നിലനിൽക്കുകയില്ലെന്നും ഇവയുടെമേൽ മനുഷ്യൻ നടത്തുന്ന കയ്യേറ്റങ്ങൾ ഇതിന്റെയൊക്കെ സന്തുലിതാവസ്ഥ തകർക്കുമെന്നുമുള്ള തിരിച്ചറിവിലേക്ക് നാം എത്തിത്തുടങ്ങിയിട്ടുണ്ട്.

(ശേഷം മൂന്നാം പേജിൽ)

## സുകുമാരൻ നായർക്കെതിരെ വിമർശനവുമായി വി.ടി ബൽറാം

പാലക്കാട്: കെ.പി.സി.സി പ്രസിഡന്റ് വി.എം സുധീരനെ അപമാനിച്ച എൻ.എസ്. ജനറൽ സെക്രട്ടറി സുകുമാരൻ നായർക്കെതിരെ ശക്തമായ വിമർശനവുമായി വി.ടി ബൽറാം.

കഴിക്കേണ്ട മരുന്ന് കൃത്യമായി കഴിച്ചില്ലെങ്കിൽ താനെന്തോ കോപ്പാണെന്നാണ് സുകുമാരൻ നായരുടെ വിചാരമെന്ന് തന്റെ ഫേസ്ബുക്ക് പോസ്റ്റിലൂടെയാണ് ബൽറാം വിമർശിക്കുന്നത്.

താൻ നായർ സമുദായത്തിന്റെ പോപ്പ് ആണെന്ന് പറഞ്ഞ് ഇതാ ഒരാൾ വന്നിരിക്കുന്നു. അല്ലെങ്കിലും കഴിക്കേണ്ട മരുന്നുകൾ കൃത്യസമയത്ത് കഴിച്ചില്ലെങ്കിൽ ചിലർക്ക് ഇങ്ങനെ താനെന്തോ കോപ്പ് ആണെന്നൊക്കെ തോന്നും. വി.ടി ബൽറാം എം.എൽ.എ ഫേസ്ബുക്കിൽ കുറിച്ചു.

സുധീരൻ പെരുന്നയിലെത്തിയപ്പോൾ സുകുമാരൻ നായർ സ്വീകരിക്കാതിരുന്ന നിലപാടിൽ പ്രതിഷേധിച്ചായിരുന്നു ബൽറാമിന്റെ പരാമർശം. ഇന്ന് ഒരു ചാനൽ ചർച്ചയിൽ താൻ നായർ സമുദായത്തിന്റെ പോപ്പാണെന്ന് സുകുമാരൻ നായർ അവകാശപ്പെട്ടിരുന്നു. ഇതിന് കൂടി മറുപടി നൽകുക യായിരുന്നു ബൽറാം തന്റെ പോപ്പ് പ്രയോഗത്തിലൂടെ.

കഴിഞ്ഞദിവസം മന്നം സമാധിയിൽ പുഷ്പാർച്ചന നടത്താനെത്തിയ സുധീരനെ കാണാൻ സുകുമാരൻ നായർ എത്തിയിരുന്നില്ല. സുധീരൻ മന്നം സമാധി സ്ഥലത്തെത്തുന്നതിന് തൊട്ടുമുമ്പെ സുകുമാരൻ നായർ സ്ഥലത്ത് നിന്നും പോയിരുന്നു. തുടർന്ന് സുകുമാരൻ നായരെ കാണാൻ കഴിയാതിരുന്നത് വിവാദമാക്കാനാഗ്രഹി ക്കുന്നി ല്ലെന്നും താൻ രാഷട്രീയ സന്ദർശനത്തിനല്ല വന്നതെന്നും സുധീരൻ പറഞ്ഞിരുന്നു.

എന്നാൽ എൻ.എസ്.എസിനെ സുധീരൻ അപമാനിച്ചുവെന്നായിരുന്നു ഇതിനോട് സുകുമാരൻ നായരുടെ പ്രതികരണം.









**എഡിറ്റോറിയൽ**

# വൈദ്യുതി പ്രതിസന്ധി വീണ്ടും അടുത്തെത്തി

**മഴയെത്ര പെയ്താലും തീരുന്നതല്ല നമ്മുടെ പ്രതിസന്ധി**

**ബോർഡും സർക്കാരും ജനങ്ങളും വേണ്ടത്ര ജാഗ്രത കാണിക്കണം**

കഴിഞ്ഞ വർഷക്കാലത്ത് മഴ കനിഞ്ഞനുഗ്രഹിച്ചു കേരളത്തെ. ഡാമുകൾ നിറഞ്ഞു കവിഞ്ഞ വാർത്തകൾ ആശ്വാസത്തോടെയാണു മലയാളികൾ സ്വീകരിച്ചത്. കടുത്ത വൈദ്യുതി പ്രതിസന്ധിയുടെ കഷ്ടപ്പാടുകൾ ഒഴിവാകുന്നല്ലോ എന്ന ആശ്വാസം സാധാരണ കുടുംബങ്ങൾ മുതൽ വലിയ വ്യവസായ സ്ഥാപനങ്ങളിൽ വരെ നിഴലിച്ചിരുന്നു. പവർ കട്ടും ലോഡ് ഷെഡ്ഡിങ്ങും അധിക നിരക്കും എല്ലാമായി വലയുന്ന അവസ്ഥ പക്ഷേ, ഈ വേനലിലും ഒഴിവാകുന്ന ലക്ഷണമില്ല. അടുത്തെത്തിയ പ്രതിസന്ധിയെക്കുറിച്ച് വീണ്ടും വാർത്തകൾ വന്നു തുടങ്ങി. ലോക്സഭാ തെരഞ്ഞെടുപ്പു കാലമായതിനാൽ സർക്കാരിൻറെ കടുത്ത നടപടികൾക്കു തെല്ലൊരു കുറവുണ്ടാകും. പക്ഷേ, വോട്ടെടുപ്പു കഴിയുന്നതോടെ ആ സാധ്യതയും ഇല്ലാതാവും. വോട്ടെടുപ്പു വരെയുള്ള സമയത്തെ ഉദാര സമീപന ത്തിനു കൂടുതൽ കനത്ത വിലയും നൽകേണ്ടി വന്നേക്കാം.

കഴിഞ്ഞ കാലവർഷക്കാലത്ത് നാലു മാസത്തിനിടെ നമ്മുടെ ഡാമുകളിൽ ഒഴുകിയെത്തിയത് 7,121 ദശലക്ഷം യൂണിറ്റ് വൈദ്യുതിക്കുള്ള വെള്ളമാണ്. കഴിഞ്ഞ വർഷങ്ങളിലെ ശരാശരി 6,737 ദശലക്ഷം യൂണിറ്റിനുള്ള വെള്ളമെന്നു കണക്കാക്കുമ്പോൾ സമൃദ്ധമായിരുന്നു മഴക്കാലം. എന്നാൽ, നമ്മുടെ ജലസംഭരണികളുടെ പരമാവധി സ്റ്റേറെജ് ശേഷി 4,140 ദശലക്ഷം യൂണിറ്റ് വൈദ്യുതിക്കുള്ളത്. ഇതു മുൻനിർത്തി മഴക്കാലത്തു വൻതോതിൽ വൈദ്യുതിയുണ്ടാക്കി പുറത്തുവിറ്റതാണു കേരളം. യൂണിറ്റിന് ഒരു രൂപ മുതൽ രണ്ടര രൂപ വരെ നിരക്കിൽ പുറത്തുവിൽക്കേണ്ടി വന്നു അന്ന്. സംഭരണ ശേഷി വർധിപ്പിക്കാനുള്ള ശ്രമങ്ങൾ വിജയിക്കാത്തതിൻറെ ഫലം. ഇനിയിപ്പോൾ യൂണിറ്റിന് ഒമ്പതു രൂപ മുതൽ 13.50 വരെ വില നൽകി വാങ്ങേണ്ടിയും വരും! മഴയെത്ര പെയ്താലും തീരുന്നതല്ല നമ്മുടെ പ്രതിസന്ധിയെന്നു സാരം. പുതിയ ജലവൈദ്യുതി പദ്ധതികൾ കടമ്പകളിൽ തട്ടിമറിയുമ്പോൾ സോളാർ അടക്കം ബദൽ മാർഗങ്ങൾക്കു പ്രസക്തി കൂടുന്നതും ഇതുകൊണ്ടാണ്.

വേനൽ കടുത്തു കഴിഞ്ഞു. അതിനനുസരിച്ച് വൈദ്യുതി ഉപയോഗത്തിലും വൻ വർധനയുണ്ടായിട്ടുണ്ട്. കഴിഞ്ഞ വർഷം വേനൽക്കാലത്ത് ഏറ്റവും ഉയർന്ന ഉപയോഗം 61.96 ദശലക്ഷം യൂനിറ്റായിരുന്നു. അപ്പോഴും ഫെബ്രുവരിയിലെ ഉപയോഗം ശരാശരി 55 ദശലക്ഷം യൂനിറ്റ്. ഇത്തവണ ഫെബ്രുവരി ആദ്യ ആഴ്ചയിൽത്തന്നെ ഉപയോഗം 60 ദശലക്ഷം യൂനിറ്റ് കടന്നു. മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിലെത്തുമ്പോൾ മുൻ വർഷത്തെ റെക്കോഡും മറികടക്കുന്ന ഉപയോഗം ഇക്കുറിയുണ്ടാവുമെന്ന് ഉറപ്പാണ്. പ്രതിദിന ഉപയോഗം 70 ദശലക്ഷം യൂനിറ്റിനോട് അടുക്കാനിടയുണ്ടെന്നാണു കണക്കാക്കപ്പെടുന്നത്.

വേനൽ കടുക്കുന്നതോടെ കേന്ദ്ര വിഹിതത്തിലും കുറവുണ്ടാകും. ഇപ്പോഴത്തെ നിലയിൽ ഉപയോഗം തുടരുകയാണെങ്കിൽ ഒരു മാസത്തിനുള്ളിൽ നിയന്ത്രണം വേണ്ടി വരുമെന്നും ചൂണ്ടിക്കാണിക്കപ്പെടുന്നു. തെരഞ്ഞെടുപ്പു കാലത്ത് കർശന നിയന്ത്രണം സർക്കാരിനു തിരിച്ചടിയാവുമെന്നതിനാൽ കഴിയുന്നത്ര വൈദ്യുതി അധിക വില നൽകിയായാലും പുറത്തുനിന്നു കൊണ്ടുവന്നേക്കും. ഇതിനുള്ള ശ്രമങ്ങൾ ബോർഡ് നേരത്തേ തുടങ്ങിയിട്ടുമുണ്ട്. എന്നാൽ, ഇതു സംസ്ഥാനത്തെത്തിക്കാനുള്ള മാർഗങ്ങളുടെ അപര്യാപ്തത പരിഹരിക്കപ്പെടാതെ കിടക്കുന്നു. കൂടംകുളത്തു നിന്നു ലഭ്യമാവുന്ന 130 മെഗാവാട്ട് വൈദ്യുതി തന്നെ കാര്യക്ഷമമായി കൊണ്ടുവരാനാവുന്നില്ല. അതു പ്രസരണ നഷ്ടം വർധിപ്പിക്കുന്നുമുണ്ട്.

ജലവൈദ്യുതി പദ്ധതികളിൽ നിന്നുള്ള ഉത്പാദനം ഇപ്പോഴേ കുറച്ചാൽ അത്രയും ആശ്വാസമാവും. എന്നാൽ, അതിനു കഴിയണമെങ്കിൽ ഉപയോഗം കുറയ്ക്കണം. അതിനുള്ള സാധ്യത വേനൽക്കാലത്ത് എത്രമാത്രം എന്നതാണു പ്രശ്നം. ബോർഡും സർക്കാരും ഉപയോക്താക്കളും സൂക്ഷ്മതയും ജാഗ്രതയും പാലിക്കേണ്ട സമയമാണിത്.



വീക്ഷണം മുൻ ചീഫ് എഡിറ്റർ കെ എൽ മോഹനവർമ്മ അധ്യക്ഷ പ്രസംഗം നടത്തുന്നു



രാജീവ് ആമുഖ പ്രസംഗം നടത്തുന്നു

## ഗ്രാമജ്യോതി പുരസ്കാര ദാന ചടങ്ങ് 2014 പ്രൗഢഗംഭീരമായി

# മാധ്യമങ്ങൾ മികച്ച നിലയിൽ പ്രവർത്തിക്കണം : മന്ത്രി കെ ബാബു

# വാർത്തകൾ സത്യസന്ധമായിരിക്കണം : മന്ത്രി അനൂപ് ജേക്കബ്ബ്

**സ്വന്തം ലേഖിക**

കൊച്ചി : ഗ്രാമജ്യോതിയുടെ കൊച്ചി ബ്യൂറോ ഓഫീസിന്റെ ഉദ്ഘാടനവും സപ്ലിമെന്റ് പ്രകാശനവും എക്സൈസ് വകുപ്പ് മന്ത്രി കെ ബാബുവും നിർവഹിച്ചു. വീക്ഷണം മുൻ ചീഫ് എഡിറ്റർ കെ എൽ മോഹനവർമ്മ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. ഗ്രാമജ്യോതി ഓൺലൈനിൽ നിന്നുള്ള ആദ്യ എസ്എംഎസ് ക്യാപ്റ്റൽ രാജു സ്വീകരിച്ചു.

### കെ എൽ മോഹനവർമ്മ

ഗ്രാമജ്യോതി ഓൺലൈൻ വർഷങ്ങളായി തനിക്ക് അറിയാ മെന്നും ഗ്രാമജ്യോതിയുടെ പ്രിന്റ് എഡിഷൻ കഴിഞ്ഞ വർഷമാണ് ആദ്യമായി കാണുന്നതെന്നും. അധ്യക്ഷ പ്രസംഗത്തിൽ കെ എൽ മോഹനവർമ്മ പറഞ്ഞു. രാഷ്ട്രീയത്തോടും സമൂഹത്തോടും പുതുതലമുറയ്ക്കുള്ള സമീപനമാണ് ഓൺലൈൻ ചാനലുകളിലൂടെ പ്രകടമാകുന്നത്. പല ജനപ്രതിനിധികൾക്കും കമ്പ്യൂട്ടർ ഉപയോഗിക്കാൻ പോലും അറിയില്ല. എന്നാൽ ഇതിൽ നിന്നും മാറി രാഷ്ട്രീയക്കാർ നവമാധ്യമങ്ങളിൽ ഇടം പിടിക്കാൻ തയ്യാറാകണം. അല്ലെങ്കിൽ അവർ പുതുതലമുറയിൽ നിന്നും മാറ്റിനിർത്തപ്പെടുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു

### മന്ത്രി കെ ബാബു

ഗ്രാമജ്യോതി പത്രത്തിന്റെ ചായ്വ് ഏത് രാഷ്ട്രീയ കക്ഷിക്കൊപ്പമാണെന്ന് വായനക്കാരന് മനസിലാക്കാൻ സാധിക്കില്ലെന്നും ജനപക്ഷത്ത് നിന്നുള്ള വാർത്തകളാണ് ഗ്രാമജ്യോതി പത്രത്തിലും ഓൺലൈനിലും കാണുന്നതെന്നും മന്ത്രി പറഞ്ഞു.

### മന്ത്രി അനൂപ് ജേക്കബ്ബ്

ഓൺലൈൻ ന്യൂസ് ചാനലിന്റെ ബ്രേക്കിംഗ് ന്യൂസ് എസ് എംഎസ് അലേർട്ട് ഉദ്ഘാടനം ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി അനൂപ് ജേക്കബ്ബ് നിർവ്വഹിച്ചു .ഗ്രാമജ്യോതി ടീം കാലത്തിനൊപ്പം നീങ്ങുന്നതാണെന്നും കക്ഷി രാഷ്ട്രീയ ഭേദമെന്യേയാണ് അതിന്റെ വാർത്താ രീതിയെന്നത് പത്രം വായിക്കുമ്പോൾ മനസിലാക്കാൻ കഴിയുമെന്നും എല്ലാ ജില്ലകളിലും ബ്യൂറോ ആരംഭിക്കാൻ ഇതിന്റെ സംഘാടകർക്ക് കഴിയട്ടെയെന്നും അദ്ദേഹം ആശംസിച്ചു.

### ക്യാപ്റ്റൽ രാജു

ഗ്രാമമെന്ന വാക്കും ജ്യോതിയെന്ന വാക്കും വായനക്കാർക്ക് പോസിറ്റീവ് ഊർജ്ജം നല്കുന്നതാണെന്ന് അദ്ദേഹം പറഞ്ഞു. ഗ്രാമജ്യോതിയുടെ ലോഗോയും ഏറെ മനോഹരമായിട്ടുണ്ട്. ചെറുപ്പത്തിൽ എല്ലാദിവസവും പത്രങ്ങളിലെ എഡിറ്റോറിയൽ പേജിൽ നിന്ന് അഞ്ച് വാക്കെങ്കിലും മന:പാഠമാക്കി തന്റെ അച്ഛനെപറഞ്ഞ് കേൾപ്പിക്കണമായിരുന്നു. അങ്ങനെ പത്രവുമായി ഉണ്ടായ ആത്മബന്ധമാണ് തനിക്ക് ഇവിടെ നിന്ന് സംസാരിക്കാൻ ശക്തി നൽകുന്നതെന്നും ഒരു പൊതുപ്രവർത്തകർക്കും മാധ്യമങ്ങളെ ഒഴിവാക്കാൻ സാധിക്കില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

### കാർട്ടൂണിസ്റ്റ് യേശുദാസ്

പല അവാർഡുകളും ജേതാക്കൾ അങ്ങോട്ട് പണം നൽകി തിരികെ പകുതി പണം വാങ്ങിക്കുന്ന പ്രവണത സജീവമായിട്ടുണ്ട്. എന്നാൽ ഗ്രാമജ്യോതിയുടെ അവാർഡ് പണമില്ലാതെ പൊന്നാടയും മൊമന്റോയും മാത്രമുള്ളതുകൊണ്ടാണ് സ്വീകരിക്കാൻ വന്നതെന്നും മൊമന്റോ സ്വീകരിച്ചുകൊണ്ട് കാർട്ടൂണിസ്റ്റ് യേശുദാസ് പറഞ്ഞു. ഇപ്പോഴത്തെ പല കാർട്ടൂണിസ്റ്റുകളും പല കാര്യങ്ങളും പഠിക്കാതെയാണ് വരയ്ക്കുന്നതെന്നും ആരുടെ ചിത്രമാണ് വരയ്ക്കുന്നതെങ്കിലും തലമുടി മുതൽ കാലിലെ നഖം വരെയുള്ള രൂപ കാർട്ടൂണിസ്റ്റിന്റെ മനസിൽ പതിക്കേണ്ടത്.ഗ്രാമജ്യോതി ഓൺലൈനിലും പത്രത്തിലും മിടുക്കരായ കാർട്ടൂണിസ്റ്റുകളെ കണ്ടുപിടിച്ച് കാർട്ടൂണുകൾ പ്രസിദ്ധീകരിക്കണം. നവമാധ്യമങ്ങൾ കാർട്ടൂൺ എന്ന കലയ്ക്ക് വേണ്ട സഹായങ്ങൾ നൽകുന്നില്ലെന്നും അതിന് ഗ്രാമജ്യോതി ഓൺലൈൻ വേണ്ട സഹായങ്ങൾ ചെയ്യണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

### ജോണി നെല്ലൂർ

ആഴ്ചപത്രത്തിൽ നിന്ന് ഓൺലൈൻ ന്യൂസ് ചാനലിലേക്ക് കടന്ന ഗ്രാമജ്യോതി ാവിയിൽ ഒരു ടെലിവിഷൻ ചാനൽ കൂടി നടത്താൻ പ്രാപ്തമായ നിലയിലേക്ക് വളർന്നുവരേണ്ടതുണ്ടെന്നും ആശംസകളർപ്പിച്ചുകൊണ്ട് ജോണി നെല്ലൂർ എക്സ് എംഎൽഎ പറഞ്ഞു. 2009-ൽ തൊടുപുഴയിൽ വച്ചാണ് ഗ്രാമജ്യോതി പത്രം തന്റെ ശ്രദ്ധയിൽ പെടുന്നതെന്നും ഗ്രാമജ്യോതിയുടെ പല പരിപാടികളിലും ക്ഷണിച്ചിരുന്നുവെങ്കിലും ഇപ്പോഴാണ് അതിന് അവസരം കൈവന്നതെന്നും അദ്ദേഹം അറിയിച്ചു.

കെ എൽ മോഹനവർമ്മ, സ്റ്റേറ്റ് അറ്റോർണി വിജയരാഘവൻ, കാർട്ടൂണിസ്റ്റ് യേശുദാസ്, ഡോ. പരമേശ്വരൻ നമ്പൂതിരി, ഡോ. വിഷ്ണു നമ്പൂതിരി, സിനിമാതാരം ക്യാപ്റ്റൻ രാജു, ഓൺലൈൻ ചാനൽ രൂപകൽപ്പന ചെയ്ത ഐ ബൈറ്റ് സൊല്യൂഷൻസ് സോജി ജോസ്, എന്നിവരെ ചടങ്ങിൽ ആദരിച്ചു. പ്രൗഢഗംഭീരമായ ചടങ്ങിൽ നിരവധി സാമൂഹ്യ സാംസ്കാരിക രാഷ്ട്രീയ രംഗത്തെ പ്രഗത്ഭർ, പത്ര-ദൃശ്യ-ഓൺലൈൻ രംഗത്തെ മാധ്യമ പ്രവർത്തകർ തുടങ്ങിയവർ പങ്കെടുത്തു. എഡിറ്റർ കെ ആർ രതീഷ് സ്വാഗതവും, രാജീവ് ആമുഖപ്രസംഗവും, കൊച്ചി ബ്യൂറോ ചീഫ് ജി കെ നമ്പൂതിരി കൃതജ്ഞതയും അർപ്പിച്ചു.



കൊച്ചി ബ്യൂറോ ഉദ്ഘാടന സപ്ലീമെന്റ് മന്ത്രി കെ ബാബു പ്രകാശനം ചെയ്യുന്നു



ചടങ്ങിൽ ജോണി നെല്ലൂർ ആശംസാ പ്രസംഗം നടത്തുന്നു



കാർട്ടൂണിസ്റ്റ് യേശുദാസ് ആശംസാ പ്രസംഗം നടത്തുന്നു



പ്രൗഢ ഗംഭീര ചടങ്ങിൽ നിന്ന് ..

## പുരസ്കാര ദാന ചടങ്ങ് – 2014



സ്റ്റേറ്റ് അറ്റോർണി വിജയരാഘവനെ മന്ത്രി കെ ബാബു ആദരിക്കുന്നു



കാർട്ടൂണിസ്റ്റ് യേശുദാസിനെ ആദരിക്കുന്നു



സിനിമാതാരം ക്യാപ്റ്റൻ രാജുവിനെ ആദരിക്കുന്നു



ഓൺലൈൻ ന്യൂസ് ഡിസൈനർ ഐ ബൈറ്റ് സൊല്യൂഷൻസ് എം ഡി സോജി ജോസിനെ ആദരിക്കുന്നു



മികച്ച ആയുർവ്വേദ ഡോക്ടർ. പരമേശ്വരൻ നമ്പൂതിരിയ്ക്ക് മന്ത്രി ആദരിക്കുന്നു



ജ്യോതിഷ പണ്ഡിതൻ ഡോ. വിഷ്ണു നമ്പൂതിരിയെ മന്ത്രി ആദരിക്കുന്നു

## ജഡ്ജിമാരുടെ നിയമനം: നിയമം കാര്യക്ഷമമാക്കണമെന്നു കെ.ടി. തോമസ്

കൊച്ചി: ജഡ്ജിമാരുടെ നിയമനവുമായി ബന്ധപ്പെട്ടു പുതിയ നിയമം രൂപീകരിക്കുന്നതിനേക്കാൾ, നിലവിലുള്ള നിയമം കാര്യക്ഷമമായി നടപ്പാക്കുകയാണു പ്രധാനമെന്നു ജസ്റ്റീസ് കെ.ടി. തോമസ്. ജുഡീഷ്യൽ കമ്മീഷനുകളും ജഡ്ജിമാരുടെ നിയമനവും എന്ന വിഷയത്തിൽ ഓൾ ഇന്ത്യ ലോയേഴ്സ് യൂണിയൻ എറണാകുളം ബാർ ആസോസിയേഷൻ ഹാളിൽ നടത്തിയ സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മുൻ അഡ്വക്കേറ്റ് ജനറൽ സി.പി. സുധാകരപ്രസാദ് അധ്യക്ഷത വഹിച്ചു. ഡോ. സെബാസ്റ്റ്യൻ പോൾ, ലോയേഴ്സ് യൂണിയൻ സംസ്ഥാന സെക്രട്ടറി അഡ്വ. ബി. രാജേന്ദ്രൻ, ജില്ലാ സെക്രട്ടറി അഡ്വ. കെ.കെ. നാസർ, പ്രസിഡന്റ് അഡ്വ.കെ.ഡി. വിൽസൺ, ഹൈക്കോർട്ട് കമ്മിറ്റി സെക്രട്ടറി എൻ. മനോജ്കുമാർ എന്നിവർ പ്രസംഗിച്ചു.

## കാംകോയ്ക്ക് അവാർഡ് നൽകി

നെടുമ്പാശേരി: ഉത്പാദനമേഖലയിലെ ഏറ്റവും മികച്ച പൊതുമേഖല സ്ഥാപനത്തിനുള്ള പുരസ്കാരവും അംഗീകാര സർട്ടിഫിക്കറ്റും അൻവർ സാദത്ത് എംഎൽഎയിൽനിന്ന് കാംകോ ചെയർമാൻ ചാരുപാറ രവി ഏറ്റുവാങ്ങി. നൂറിൽപ്പരം സ്ഥാപനങ്ങ ളുടെ പട്ടികയിൽനിന്നാണ് കാംകോ തെരഞ്ഞെടുക്കപ്പെട്ടത്. കഴിഞ്ഞ 30 വർഷമായി കാംകോ തുടർച്ചയായി ലാഭത്തിലാണ്. ഇതോടനുബന്ധിച്ച് അത്താണി ഫാക്ടറി പരിസരത്തു നടന്ന സമ്മേളനം കെ.പി. ധനപാലൻ എംപി ഉദ്ഘാടനം ചെയ്തു. ചാരുപാറ രവി അധ്യക്ഷനായിരുന്നു. മാനേജിംഗ് ഡയറക്ടർ എൻ.കെ. മനോജ്, ഡയറക്ടർ കെ.എസ്. അനിൽ, പഞ്ചായത്ത് പ്രസിഡന്റ് പി.വൈ. വർഗീസ്, എം.ജെ. ജോമി, വാവച്ചൻ ഇട്ടൂപ്പ്, ഡിജിഎം കെ. ജോളി തോമസ് എന്നിവർ പ്രസംഗിച്ചു.

## ടി.പി വധക്കേസിൽ കൂറുമാറിയ പോലീസുകാരനെ തരംതാഴ്ത്തി

കോഴിക്കോട്: ടി.പി ചന്ദ്രശേഖരൻ വധക്കേസിൽ കൂറുമാറിയ പോലീസ് ട്രെയ്നിയെ സർവീസിൽനിന്നു തരംതാഴ്ത്തി. മുൻ ഡി.വൈ.എഫ്.ഐ പ്രവർത്തകൻ കണ്ണൂർ കടന്നപ്പള്ളി കൊയക്കീൽ ഹൗസിൽ എം നവീനെയാണു പുതിയ ബാച്ചിലേക്കു തരംതാഴ്ത്തിക്കൊണ്ട് ഐ.ആർ ബറ്റാലിയൻ കമാൻഡന്റ് പി.ഐ വത്സൻ ഉത്തരവിറക്കിയത്. അസി.കമാൻഡന്റ് ബിജുകുമാറിന്റെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണു നടപടി. കൂറുമാറിയിട്ടും നവീനെതിരേ പ്രോസിക്യൂഷൻ നടപടി ആവശ്യപ്പെട്ടിട്ടില്ല.

## ശബരിമല; നവരത്നമോതിരം ഉദ്യോഗസ്ഥൻകയ്യിലണിഞ്ഞത് വിവാദമാകുന്നു

തിരുവനന്തപുരം: തിരുവാഭരണപേടകത്തിലെ നവരത്നമോതിരം ഉദ്യോഗസ്ഥൻ കൈയിലണിഞ്ഞതു വിവാദമാകുന്നു. ശബരിമലയിലേക്കുള്ള യാത്രാമധ്യേ വിശ്രമ കേന്ദ്രത്തിൽവച്ചാണ് ഉദ്യോഗസ്ഥൻ മോതിരം കൈയിലണിഞ്ഞത്. എന്നാൽ കുറ്റക്കാരനെന്ന് കണ്ടെത്തിയ ആൾക്കെതിരെ നടപടിയൊന്നും സ്വീകരിക്കാതെ ഉന്നതർ ഇടപെട്ട് പ്രശ്നം ഒതുക്കുകയായിരുന്നു. പരിഹാരക്രിയകൾക്കുപോലും തയാറാകാത്ത തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നടപടിക്കെതിരേ ഹൈന്ദവ സംഘടനകളും ഭക്തരും രംഗത്തെത്തിയിട്ടുണ്ട്. മണ്ഡലകാലത്തു ശബരിമലയിലേക്കു തിരുവാഭരണങ്ങൾ കൊണ്ടുപോകുന്നതിനിടെ യാത്രയുടെ രണ്ടാം ദിവസം വിശ്രമ കേന്ദ്രത്തിൽവച്ചാണ് ഒരു ഉദ്യോഗസ്ഥൻ പെട്ടിയിൽനിന്നു നവരത്നമോതിരം പുറത്തെടുത്തു ചുംബിക്കുകയും കൈയിലണിയുകയും ചെയ്തതായാണ് പരാതി. അയ്യപ്പനുമാത്രം ചാർത്തുന്നതും ഭക്തിയോടെ സൂക്ഷിക്കേണ്ടതുമായ ആഭരണങ്ങൾ ലാഘവത്തോടെ കൈകാര്യം ചെയ്തതിനെതിരേ വ്യാപകപ്രതിഷേധമാണുയരുന്നത്.

## താരങ്ങൾ അച്ചടക്കം പാലിക്കണം : ഇന്നസെന്റ്

കൊച്ചി : ചലച്ചിത്ര താരങ്ങൾ അച്ചടക്കം പാലിക്കണമെന്ന് താര സംഘടനയായ അമ്മയുടെ പ്രസിഡന്റ് ഇന്നസെന്റ്. കേരള സ്ട്രൈക്കേഴ്സിന്റെ താരങ്ങളെ വിമാനത്തിൽ നിന്നും ഇറക്കിവിട്ട സംഭവത്തിന്റെ പശ്ചാത്തലത്തിലാണ് ഇന്നസെന്റ് ഇക്കാര്യം പറഞ്ഞത്. വിമാനത്തിലെ യാത്രക്കാർക്ക് താരങ്ങളുടെ പെരുമാറ്റം കൊണ്ട് ബുദ്ധിമുട്ടുണ്ടായിട്ടുണ്ടെങ്കിൽ ഖേദിക്കുന്നതായി അദേഹം പറഞ്ഞു. സംഭവത്തിൽ സംഘടന ആവശ്യപ്പെട്ടത് പ്രകാരം കേരള സ്ട്രൈക്കേഴ്സ് താരങ്ങൾ വിശദീകരണം നൽകിയതായി ടീമിന്റെ മാനേജരായ ഇടവേള ബാബു പറഞ്ഞു. എയർ ഹോസ്റ്റസിനുണ്ടായ തെറ്റിദ്ധാരണയാണ് പ്രശ്നങ്ങൾക്ക് കാരണമായതെന്നാണ് വിശദീകരണം നൽകിയതെന്ന് ഇടവേള ബാബു വ്യക്തമാക്കി.

## എഎപിയുടെ ആരോപണങ്ങൾ അടിസ്ഥാനരഹിതമെന്ന്

ന്യൂദൽഹി: ആം ആദ്മി പാർട്ടി ഉയർത്തിയ ആരോപണങ്ങൾ അടിസ്ഥാനരഹിതമാണെന്ന് റിലയൻസ് ഇൻഡസ്ട്രീസ് ലിമിറ്റഡ്. കമ്പനിക്കോ അതിന്റെ ഉടമസ്ഥൻ മുകേഷ് അംബാനിക്കോ അനധികൃത സ്വത്തുക്കളൊന്നുമില്ല. ആം ആദ്മി പാർട്ടി നേതാവ് അരവിന്ദ് കെജ്രിവാൾ നടത്തിയ ഹരിയാന റാലിയിലാണ് മുകേഷ് അംബാനിക്കും സഹോദരൻ അനിൽ അംബാനിക്കും സ്വിസ് ബാങ്കിൽ കള്ളപ്പണ നിക്ഷേപം ഉണ്ടെന്ന് ആരോപിച്ചത്.

## മാധ്യമപ്രവർത്തകർക്ക് മനുഷ്യപ്പറ്റ് ഇല്ലെന്ന് കെ ആർ മീര

തിരുവനന്തപുരം : കേരളത്തിലെ മാധ്യമപ്രവർത്തകർക്ക് അത്ര വലിയ മൂല്യബോധങ്ങളോ ശരി തെറ്റുകളോ ഒന്നുമില്ലെന്നും പലതും ആപേക്ഷികം മാത്രമണെന്നും എഴുത്തുകാരി കെ ആർ മീര. മലയാളത്തിലെ ഒരു മാസികയ്ക്ക് നൽകിയ അഭിമുഖത്തിലാണ് പത്രപ്രവത്തകകൂടിയായ കെ ആർ മീരയുടെ തുറന്നുപറച്ചിൽ.



മാധ്യമങ്ങൾപ്പോഴും വേട്ടക്കാരനെയും അവരുടെ വർണ കഥകളുമാണ് വേണ്ടതെന്ന്

മീരയുടെ വാക്കുകൾ,... മാധ്യമങ്ങളുടെ അടിത്തറ കച്ചവടമാണ്. അതിൽ ഊന്നിയുള്ള പ്രവർത്തനങ്ങളാണ് മാധ്യമസ്ഥാപനങ്ങളും ജീവനക്കാരും നടത്തുന്നത്. ഏറ്റവും കൂടുതൽ വിറ്റുപോകുന്നത് അവർ അവതരിപ്പിക്കുന്നു. അവിടെ ധാർമികതയുടെ പ്രശ്നങ്ങളില്ല.

കേരളത്തിലെ ഭൂരിപക്ഷം മാധ്യമപ്രവർത്തകരും ബ്യൂറോക്രാറ്റുകളും പുരോഗമന ആശയങ്ങൾ ഹൃദയത്തിൽ സ്വാംശീകരിച്ചിട്ടില്ല. ഇവരാണ് നമ്മളെ ഭരിക്കുന്നതും വിമർശിക്കുന്നതും. ഭരണഘടന അനുശാസിക്കുന്ന മൗലിക അവകാശങ്ങളെക്കുറിച്ച് ചിലർക്ക് ധാരണ കുറവാണ്.

ചില മാധ്യമങ്ങളിൽ തീരുമാനമെടുക്കുന്നവർക്ക് എപ്പോഴും അധികാരത്തിന്റെ നോട്ടമാണ്. ആൺനോട്ടങ്ങളാണ് അവയെല്ലാം. അവ സ്ത്രീശരീരത്തിന്റെ കച്ചവട സാധ്യത ആരായുന്നു. വലിയ ആശയങ്ങൾ പറയുമ്പോഴും സ്വന്തം കുടുംബങ്ങളിൽ നടപ്പാക്കാൻ മടിയുള്ളവരാണ്.

വിപണിയെ ആശ്രയിച്ചാണ് മാധ്യമങ്ങളും നിലനിൽക്കുന്നത്. ലാഭത്തിനായി മാധ്യമപ്രവർത്തകരും അവരുടെ പങ്ക് ചെയ്യുന്നു. അവർക്കെപ്പോഴും വേട്ടക്കാരനെയും അവരുടെ വർണ കഥകളുമാണ് വേണ്ടത്. ഇരകളെ അവർ മറക്കുന്നു. ഇരകളുടെ ദൈന്യാവസ്ഥയ്ക്ക് ഇടമില്ലാതെ പോകുന്നു.

### ടോണി നടത്തുന്നത് ഇരുപത്തിയേഴാമത്തെ വിദേശയാത്രയെന്ന്

# കൊച്ചി മേയർ ലണ്ടനിൽ; പ്രതിഷേധം ശക്തമാകുന്നു

കൊച്ചി: നഗരവികസനത്തിന് കോടികളുടെ പദ്ധതികൾ ചർച്ച ചെയ്യുന്ന പാർട്ണർ കേരളയിൽനിന്ന് കൊച്ചി മേയർ വിട്ടുനിന്നത് വിവാദമാകുന്നു. നഗരത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി സംസ്ഥാനസർക്കാർ മുൻകയ്യെടുത്ത് സംഘടിപ്പിക്കുന്ന പാർട്ണർ കേരളയിൽനിന്ന് മുന്നറിയിപ്പില്ലാതെയാണ് മേയർ വിട്ടുനിന്നത്.

യൂറോപ്യൻ പര്യടനത്തിലാണ് മേയർ ടോണി ചമ്മണി. മേയറുടെ അസാന്നിധ്യത്തിൽ വിദേശനിക്ഷേപകർ അടക്കമുള്ളവരുമായി ചർച്ച നടത്തിയത് ജിസിഡിഎ ചെയർമാൻ എൻ. വേണുഗോപാലായിരുന്നു. മുൻകൂട്ടി അറിയിക്കാതെയാണ് മേയർ മുങ്ങിയതെന്നും ആക്ഷേപമുണ്ട്. ഔദ്യോഗിക യാത്രയെന്നാണ് രേഖകളിൽ കാണുന്നത്. ഇതനുസരിച്ചാണെങ്കിൽ മേയർ സർക്കാരിന്റെ അനുമതി വാങ്ങേണ്ടതാണ്. ടോണി ചമ്മണി ഇത്തരത്തിൽ ഒരു അനുമതിയും വാങ്ങിയിട്ടില്ല. കോർപ്പറേഷൻ ഫണ്ടിൽനിന്ന് ലക്ഷങ്ങൾ ചെലവഴിച്ച് മേയർ യൂറോപ്പിൽ സുഖവാസത്തിന് പോയത് പരക്കെ ആക്ഷേപത്തിനിടയാക്കിയിട്ടുണ്ട്.

മേയർപദവിയേറ്റശേഷം ടോണി ചമ്മണി നടത്തുന്ന ഇരുപത്തിയേഴാമത്തെ വിദേശയാത്രയാണ് ഇതെന്ന് പറയുന്നു. പാർട്ണർ കേരളയുടെ സംഘാടകസമിതി ചെയർമാൻകൂടിയായ മേയർ സംഘാടക സമിതിയിയിലെ മറ്റാരോടും പറയാതെയാണ് സ്ഥലംവിട്ടിട്ടുള്ളത്. കോർപ്പറേഷൻ ഫണ്ടിൽനിന്ന് മേയറുടെ ലണ്ടൻ യാത്രക്കായി മൂന്നേകാൽ ലക്ഷം രൂപ പിൻവലിച്ചതായി സൂചനയുണ്ട്. കഴിഞ്ഞ യാഴ്ചയാണ് മേയർ കൊറിയ സന്ദർശനം കഴിഞ്ഞ് മടങ്ങിയെത്തിയത്.

## പ്രസ്താവനകൾ വൈകാരികം മാത്രം: വി.എസ്

ഒന്നാം പേജിൽ നിന്നും തുടർച്ച

ഇതിന്റെ ഫലമായാണ് ഇപ്പോൾ വ്യാപകമായി പരിസ്ഥിതി സംബന്ധിച്ച വിഷയങ്ങൾ ചർച്ച ചെയ്യപ്പെടുന്നതും പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കാൻ സജീവമായ ശ്രമങ്ങൾ നടക്കുന്നതും. അത്തരമൊരു ശ്രമത്തിന്റെ അർത്ഥപൂർണമായ ചുവടുവയ്പ്പാണ് യൂണിവേഴ്സിറ്റി കോളേജ് ധനതത്വശാസ്ത്ര വിഭാഗം ഇവിടെ സംഘടിപ്പിച്ചിരിക്കുന്ന പശ്ചിമഘട്ട സംരക്ഷണവും കേരള വികസനവും എന്ന സെമിനാർ എന്നു ഞാൻ കരുതുന്നു.

പശ്ചിമഘട്ട മലനിരകളുടെ പ്രാധാന്യത്തെപ്പറ്റി അറിയാത്തവരല്ല മലയാളികൾ. എന്നാൽ അടുത്തയിടെയാണ് ഈ മലനിരകൾ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യത്തെപ്പറ്റി നമ്മുടെ നാട്ടിൽ ചർച്ചകൾ സജീവമായത്. അത് നിങ്ങൾക്കെല്ലാവർക്കുമറിയുന്നതു പോലെ ആദ്യം മാധവ്ഗാഡ്ഗിൽ കമ്മിറ്റി ശുപാർശകളും തുടർന്ന് കസ്തൂരിരംഗൻ കമ്മിറ്റി ശുപാർശകളും വന്നതോടെയാണ്. ഈ റിപ്പോർട്ടുകളിലെ ശുപാർശകളെപ്പറ്റി പലതരത്തിലുള്ള ആശങ്കകൾ ജനങ്ങളിലുണ്ട്.

പ്രത്യേകിച്ച് മലയോരവാസികളായ ജനങ്ങളിലാണ് ഇതുസംബന്ധിച്ച ആശങ്കകൾ സജീവമായുള്ളത്. മാധവ്ഗാഡ്ഗിൽ അറിയപ്പെടുന്ന പരിസ്ഥിതി ശാസ്ത്രജ്ഞനും പശ്ചിമഘട്ടമാകെ നടന്നു മനസ്സിലാക്കുകയും ചെയ്തിട്ടുള്ള ആളാണ്. എന്നാൽ കസ്തൂരിരംഗനാകട്ടെ ബഹിരാകാശ ശാസ്ത്രരംഗത്തെ വിദഗ്ധനാണ്.

കസ്തൂരിരംഗൻ റിപ്പോർട്ട് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ടാണ് വലിയ പ്രക്ഷോഭങ്ങളും തർക്കങ്ങളും ഇപ്പോൾ നിലനിൽക്കുന്നത്. ജനങ്ങളുടെ ജീവിതത്തിനും നിലനിൽപ്പിനും കോട്ടമുണ്ടാകാത്ത തരത്തിൽ പരിസ്ഥിതി സംരക്ഷിക്കുന്നതിനാവശ്യമായ നടപടികളെടുക്കുകയാണ് ആശാസ്യമായ കാര്യം. വികസനപ്രവർത്തനങ്ങൾ നടത്താതെ നമുക്ക് മുന്നോട്ടുപോകാനാകില്ല. എന്നാൽ ലക്കുംലഗാനുമില്ലാതെ വികസനത്തിന്റെ പേരിൽ പരിസ്ഥിതിക്കും പ്രകൃതിക്കും കനത്ത ആഘാതമുണ്ടാക്കുന്ന നടപടികളെടുക്കുന്നതും നല്ലതല്ല. ഇത് രണ്ടും എങ്ങനെ സമന്വയിപ്പിച്ചുകൊണ്ടുപോകാം എന്നതാണ് നാം നേരിടുന്ന പ്രധാന വെല്ലുവിളി.

ഗുജറാത്ത് മുതൽ കന്യാകുമാരി വരെ 1540 കിലോമീറ്റർ ദൈർഘ്യമുള്ള പ്രദേശമാണല്ലോ പശ്ചിമഘട്ടം. ഒരു ജലഗോപുരം എന്ന നിലയിൽ കണക്കാക്കപ്പെടുന്ന ഈ പ്രദേശത്തെ നേരിട്ട് ജീവസന്ധാരണത്തിനായി ഉപയോഗപ്പെടുത്തുന്ന 25 കോടി ജനങ്ങളെങ്കിലുമുണ്ടെന്നാണ് കണക്ക്. അതായത് ഇന്ത്യയിലെ ജനസംഖ്യയുടെ അഞ്ചിലൊന്ന് വരുന്ന ജനവിഭാഗത്തിന്റെ ഭക്ഷ്യസുരക്ഷയും ജലസുരക്ഷയും ഉറപ്പുവരുത്തുന്നതും കാലാവസ്ഥ നിർണയിക്കുന്നതുമൊക്കെ പശ്ചിമഘട്ടമാണ് എന്നർത്ഥം.

ശാസ്ത്രമതമനുസരിച്ച് ലോകത്താകെയുള്ള 34 ജൈവവൈവിധ്യ സമ്പന്നപ്രദേശങ്ങളിൽ എട്ടാം സ്ഥാനം പശ്ചിമഘട്ടത്തിനാണ്. ലോകത്ത് മറ്റെവിടെയും കാണാത്ത അത്യപൂർവ്വ ജന്തുസസ്യ ജീവജാലങ്ങളുടെ ആവാസവ്യവസ്ഥയും ഇവിടെയാണ്. അതുകൊണ്ടാണ് പശ്ചിമഘട്ടത്തിന് ലോകപൈതൃകപട്ടികയിൽ സ്ഥാനം ലഭിച്ചത്.

വനനശീകരണവും മലയിടിക്കലും പാറപൊട്ടിക്കലും, മണ്ണൊലിപ്പും ഒക്കെ നടന്നിട്ടുള്ള പ്രദേശമായിട്ടുകൂടി സസ്യജൈവവൈവിധ്യത്തിന്റെ കലവറയായി ഈ ഭൂപ്രദേശം നിലനിൽക്കുന്നത് കേരളം ഭൂമദ്ധ്യരേഖയിൽ നിന്ന് 12 ഡിഗ്രി മാത്രം മാറിനിൽക്കുന്നതുകൊണ്ടാണ്.

ആവശ്യത്തിന് മഴയും വെയിലും മഞ്ഞും തണുപ്പുമൊക്കെ ക്രമീകരിച്ച് ഭക്ഷ്യവിള കൃഷിക്കും നാണ്യവിളകൃഷിക്കും അനുകൂലമായ സമശീതോഷ്ണ കാലാവസ്ഥ പ്രദാനം ചെയ്യുന്നതും പശ്ചിമഘട്ട മലനിരകളുടെ സാമീപ്യമാണ്.

കേരളത്തിലെ 44 നദികളുടെയും ഉത്ഭവം പശ്ചിമഘട്ടത്തിൽ നിന്നാണ്. ഈ മലനിരകളുടെ ഘടനാപരമായ സവിശേഷത കൊണ്ടാണ് ഇത്രയും ചെറിയ ഭൂപ്രദേശത്തുനിന്ന് ഇത്രയേറെ നദികൾ ഉൽഭവിക്കുന്നത്. ഇത്രമാത്രം അനുഗൃഹീതമായ പ്രകൃതിസമ്പത്തും പ്രകൃതി വിഭവങ്ങളും അവയുടെ മൂല്യം മനസ്സിലാക്കാതെ നശിപ്പിക്കുകയും ദുരുപയോഗം ചെയ്യുകയുമാണ്. വികസനം നമുക്ക് ഒഴിച്ചുകൂടാനാവാത്ത കാര്യമാണ്. എന്നാൽ തലമുറകളോളം ഉപയോഗിക്കേണ്ട ജൈവസമ്പത്താകെ നശിപ്പിച്ചുകൊണ്ടുള്ള വികസനം ആശാസ്യമല്ല.

ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായത്തിൽ ഭൂമിയുടെ ചരിത്രത്തിൽ 500 കോടി വർഷത്തിനിടയിൽ പശ്ചിമഘട്ടമലനിരകൾക്ക് ഇത്രമാത്രം ആഘാതമേൽപ്പിച്ചിട്ടുള്ളത് കഴിഞ്ഞ അരനൂറ്റാണ്ടിനിടയിലാണ്. ഈ കാഴ്ചപ്പാടോടെ നമ്മുടെ ജൈവവൈവിധ്യവും സൂക്ഷ്മമായ കാലാവസ്ഥയും സംരക്ഷിക്കാൻ ജനങ്ങൾ പ്രതിജ്ഞാബദ്ധമായി പ്രവർത്തിക്കേണ്ടതുണ്ട്. ഇതിന് വ്യാപകമായ ബോധവൽക്കരണം അനിവാര്യമാണ്. അത്തരം ശ്രമങ്ങൾക്കുള്ള വലിയൊരു തുടക്കമാകട്ടെ ഈ സെമിനാർ എന്ന് ഞാൻ ആശിക്കുന്നു.

## സ്വന്തമായി ഒരു തൊഴിൽ ചെയ്യാൻ ആഗ്രഹിക്കുന്നവർക്ക് അലിയെ മാതൃകയാക്കാം.



കൊച്ചി : സ്വന്തമായി ഒരു തൊഴിൽ ചെയ്യാൻ ആഗ്രഹിക്കു ന്നവർക്ക് പി.കെ അലിയെ മാതൃകയാക്കാം. കൺസ്ട്രക്ഷൻ മേഖലയിൽ പ്രവർത്തിച്ചു കൊ ണ്ടിരുന്ന അദ്ദേഹം വളരെ ആലോചനയ്ക്ക് ശേഷമാണ് ആൻ സി ഗോട്ട് ഫാം എന്ന സ്ഥാപനം തുടങ്ങിയത്. സഹ്കരയിനത്തിലെ നാല് ആടുകളെ വളർത്തിക്കൊണ്ട് ഫാം ആരംഭിച്ച അലി കഠിനാദ്ധ്വാനം കൊണ്ടും ആത്മാർത്ഥമായ പരിശ്രമം കൊണ്ടും ഈ രംഗത്ത് വിജയം കൈവരിച്ച വ്യക്തിയാണ്.

ചെറിയ രീതിയിൽ ഫാം തുടങ്ങിയ അദ്ദേഹം അർപ്പണബോധത്തോടും കൃത്യനിഷ്ഠയോടും ആടുകളെ പരിപാലിച്ചു. ഏതാനും മാസങ്ങൾക്കുള്ളിൽ തന്നെ മഹാരാഷ്ട്ര, ഗുജറാത്ത് ,യു പി എന്നീ സംസ്ഥാനങ്ങളിൽ നിന്ന് പല തരത്തിലുള്ള ആടുകളെ കൊണ്ടുവന്ന് വളർത്താൻ തുടങ്ങി. ആടുകളെക്കുറിച്ച് നന്നായി പഠിച്ച ശേഷം കാലാവസ്ഥയ്ക്കനുയോജ്യമായ മലബാരി, യമുന, പ്യാരി എന്നീയിനങ്ങളെ വളർത്താൻ തുടങ്ങി. ഒട്ടും പ്രതീക്ഷിക്കാത്ത രീതിയിൽ ആടുകൾ പെരുകാൻ തുടങ്ങി. മലബാറി ഇനം ആടുകൾക്ക് കൂടുതൽ കുഞ്ഞുങ്ങളെ പ്രസവിക്കാനുള്ള കഴിവുണ്ട്. ഇവയ്ക്കുള്ള സിമാന്റ് കൂടികൂടി വന്നു. ഇത് ആൻസി ഗോട്ട് ഫാമിന്റെ മുഖ്യവളർച്ചയ്ക്ക് കാരണമായി.

യമുന,പ്യാരി എന്നീ ഇനം ആടുകൾ ധാരാളം പാലു ലഭിക്കുന്നവയാണ്. ലിറ്ററിന് 45 രൂപ പ്രകാരം ആയുർവേദ കമ്പനികൾക്ക് മൊത്തമായി കൊടുക്കുകയാണ് ചെയ്യുന്നത്. ഇതിന്റെ കാഷ്ഠം കിലോയ്ക്ക് 5 രൂപ നിരക്കിൽ കർഷകർ വാങ്ങിക്കുകയും ചെയ്യും. മലബാറി, യമുന,പ്യാരി എന്നീയിനം ആടുകളെ ക്രോസ് ചെയ്ത് ഗുണനിലവാരം കൂടിയ ആടുകളെ സൃഷ്ടിക്കാൻ കഴിയും. ഇവയ്ക്ക് കൂടുതൽ പാലും ധാരാളം കുഞ്ഞുങ്ങളെ പ്രസവിക്കാനുള്ള കഴിവും ഉണ്ട്. ഇത്തരം ആടുകൾക്ക് ആവശ്യക്കാരേറെയാണ്.

ആൻസി ഗോട്ട് ഫാമിൽ ആടുകൾ മാത്രമല്ല സോവിയറ്റ്, ചിലങ്ക, വൈറ്റ് ജയിൻ എന്നീയിനം മുയലുകളും കൂടാതെ നല്ലയിനം പക്ഷികളും യെമുകോഴികളും താറാവുകളും ഉണ്ട്. ആലുവ എടത്തലയിൽ സ്ഥിതി ചെയ്യുന്ന ഫാമിൽ അലിയോടൊപ്പം ആറുപേർ കൂടി ജോലി ചെയ്യുന്നു. കുറഞ്ഞ കാലയളവിനുള്ളിൽ തന്നെ ഒരു കർഷകൻ എന്ന നിലയ്ക്ക് അലിയെ തേടി നിരവധി അവാർഡുകളെത്തിയിട്ടുണ്ട്. മഹാത്മഗാന്ധി അവാർഡ്, കേരള സർക്കാർ ഫിക്ചർ ഫാം അവാർഡ്, മലയാളശ്രീ അവാർഡ്, എടത്തല പഞ്ചായത്തിന്റെ എറ്റവും മികച്ച കർഷകനുള്ള അവാർഡും എ. കെ മുനീറിൽ നിന്ന് ശ്രീചിത്തിര അവാർഡും ലഭിച്ചു. ആൻസി ഫാമിനെ ഹൈടെക് രീതിയിലേക്ക് ഉയർത്തുകയെന്നതാണ് അലിയുടെ ഇനിയുള്ള ലക്ഷ്യം. അതിനുള്ള ശ്രമങ്ങളിലാണ് അലിയും ഫാം ജീവനക്കാരും.

## അഡ്വക്കറ്റ് ജനറൽ ഓഫീസ് മന്ദിരം മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും

കൊച്ചി: അഡ്വക്കറ്റ് ജനറൽ ഓഫീസിന്റെ പുതിയ മന്ദിരത്തിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി വെള്ളിയാഴ്ച നിർവഹിക്കും. വൈകിട്ട് അഞ്ചിന് ഹൈക്കോടതി ഓഡിറ്റോറിയത്തിൽ നടക്കുന്ന ചടങ്ങിൽ ചീഫ് ജസ്റ്റീസ് മഞ്ജുള ചെല്ലൂർ അധ്യക്ഷത വഹിക്കും. നിയമ, ധനമന്ത്രി കെ.എം. മാണി മുഖ്യപ്രഭാഷണം നടത്തും. മന്ദിരത്തിന്റെ താക്കോൽ മന്ത്രി മാണി അഡ്വക്കറ്റ് ജനറൽ കെ.പി. ദണ്ഡപാണിക്കു കൈമാറും. പഴയ ഹൈക്കോടതി വളപ്പിലാണ് 16 കോടി രൂപ മുടക്കി 42,044 ചതുരശ്ര അടി വിസ്തീർണമുള്ള ബഹുനിലമന്ദിരം പണിതിരിക്കുന്നത്. 2005ലാണ് പുതിയ കെട്ടിടം നിർമിക്കാൻ ഭരണാനുമതി ലഭിച്ചത്. പുതിയേടത്തു എൻജിനീയേഴ്സാണ് കെട്ടിടം നിർമിച്ചത്. ജീവനക്കാരുടെയും സർക്കാർ അഭിഭാഷകരുടെയും സ്ഥിരോത്സാഹവും സഹകരണവും കൊണ്ടാണ് പണി എത്രയും വേഗം തീർക്കാൻ കഴിഞ്ഞതെന്ന് അഡ്വക്കറ്റ് ജനറൽ ദണ്ഡപാണി വാർത്താസമ്മേളനത്തിൽ അറിയിച്ചു. അഡീഷണൽ അഡ്വക്കറ്റ് ജനറൽമാരായ പി.സി. ഐപ്പ്, കെ.എ. ജലീൽ എന്നിവരും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

## തെരഞ്ഞെടുപ്പിൽ മൽസരിക്കാൻ മഅ്ദനിക്കുമേൽ സമ്മർദം

തിരുവനന്തപുരം: ലോക്സഭാ തെരഞ്ഞെടുപ്പിൽ മൽസരിക്കാൻ അബ്ദുന്നാസർ മഅ്ദനിക്കുമേൽ ശക്തമായ സമ്മർദം. പിഡിപി, മഅ്ദനി ജസ്റ്റിസ് ഫോറം എന്നിവയും സംസ്ഥാനത്തെ ചില മുതിർന്ന നേതാക്കളുമാണ് ഇക്കാര്യത്തിൽ മഅ്ദനിയെ നിർബന്ധിക്കുന്നത്. എന്നാൽ നിരവധി രോഗങ്ങളും നീണ്ടുപോകുന്ന ജയിൽവാസത്തിന്റെ മാനസിക സമ്മർദങ്ങളും അഭിമുഖീകരിക്കുന്ന മഅ്ദനി ഇതിനോട് അനുകൂലമായി ഇതുവരെ പ്രതികരിച്ചിട്ടി ല്ലെന്നാണു സൂചന. തുടർച്ചയായി കേസുകളിൽപെടുത്തി വേട്ടയാടുന്ന സ്ഥിതി മറികടക്കാൻ ജനാധിപത്യപരമായ ഏറ്റവും നല്ല മാർഗ്ഗം ജനപ്രതിനിധിയായി മാറുക തന്നെയാണെന്നും ബോധ്യപ്പെടുത്താൻ ഡോ. സെബാസ്റ്റിയൻ പോൾ ഉൾപ്പെടെ ശ്രമിക്കുന്നുണ്ടത്രേ. മഅ്ദനി ജസ്റ്റിസ് ഫോറത്തിന്റെ ചെയർമാനാണ് സെബാസ്റ്റിയൻ പോൾ.

## മണപ്പുറത്തേക്ക് ഇരുമ്പു നടപ്പാലം

ആലുവ: പെരിയാറിനു കുറുകെ ആലുവ ശിവരാത്രി മണപ്പുറത്തേക്ക് നിർമിച്ച താത്കാലിക ഇരുമ്പു നടപ്പാലത്തിന്റെ ഉദ്ഘാടനം അൻവർ സാദത്ത് എംഎൽഎ നിർവഹിച്ചു. ജില്ലാ കളക്ടർ എം.ജി. രാജമാണിക്യം, റൂറൽ എസ്പി സതീഷ് ബിനോ, മുനിസിപ്പൽ ചെയർമാൻ എം.ടി. ജേക്കബ്, വൈസ് ചെയർപേഴ്സൺ ലിസി എബ്രഹാം, ഫാസിൽ ഹുസൈൻ, കെ.സി. രാജൻ, സി. ഓമന, എം. രാധാകൃഷ്ണൻ എന്നിവർ പങ്കെടുത്തു.ശിവരാത്രി ദിവസവും പിറ്റേന്ന് ഉച്ചവരെയും നടപ്പാലത്തിലൂടെയുള്ള യാത്ര സൗജന്യമായിരിക്കും. തുടർന്നുള്ള ദിവസങ്ങളിൽ വ്യാപാരമേളയ്ക്കെത്തുന്നവരിൽ നിന്നും കടത്തുകൂലി ഈടാക്കും.

With Best compliments from...
F I S A T
Federal Institute of Science & Technology
Hormis Nagar, Mookkannoor P O, Angamaly- 683577
(An initiative of FBOA Educational Society)
Ph: 2725272, 2616403 Fax: 2725250
Website: www.fisat.ac.in, Email: mail@fisat.ac.in
"Focus on Excellence"

മഹാശിവരാത്രി ആശംസകൾ...
Annapoorna FAMILY RESTAURANT
Bank Jn., Temple Road, Aluva
Phone: 0484-2624105, Res: 2621734
Mob: 9847082324
Contact for:
MARRIAGE, FEASTS, TEA PARTY, CONFERENCE HALL & CATERING SERVICE

മഹാശിവരാത്രി ആശംസകൾ...
ആലുവ അർബൻ കോ ഓപ്പറേറ്റീവ് ബാങ്ക്
ലിമിറ്റഡ് നമ്പർ – 1623
ഹെഡ് ഓഫീസ്, മാർക്കറ്റ് റോഡ്, ആലുവ
ഫോൺ – 0484– 2623842, 2629842
Email : aucbank1623@gmail.com, alwayeurban_bank@yahoo.com
അഡ്വ. ബി എ അബ്ദുൽ മുത്തലിബ് (ചെയർമാൻ)
ജോസ് സെബാസ്റ്റ്യൻ ചിറ്റിലപ്പിള്ളി (ജനറൽമാനേജർ)






